**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4250** **18-07-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ സംരംഭകത്വ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; കൈത്തറി മേഖലയിലെ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഹാന്റ് ലൂം ബിസിനസ് ഇൻക്യുബേറ്ററുകൾ എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ; | (എ) | കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**<br><br>കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. 2016-2017 മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1-7വരെയും എയ്ഡഡ് സ്കൂളിലെ 1-4വരെയും ഉള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം തുണി നൽകുന്ന പദ്ധതിയാണിത്. കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തു കാരെ ആകർഷിക്കുന്നതിനും, നെയ്ത്തുകാർ ക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.<br><br>**യുവവീവ് പദ്ധതി**<br><br>തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് മേഖലയിലേക്ക് ആകർഷിക്കുവാനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് യുവവീവ് പദ്ധതി. 18 വയസ്സ് മുതൽ 40 വയസ്സ് വരെയുള്ള യുവജനങ്ങൾക്ക് കൈത്തറി നെയ്ത്തിൽ പ്രായോഗിക പരിശീലനവും സ്വന്തമായി തറിയും നൽകി നെയ്ത്തുകാരാക്കി മാറ്റുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| | | | **<u>സ്വയം തൊഴിൽ പദ്ധതി</u>**<br><br>കൈത്തറി മേഖലയിലേയ്ക്ക് സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതിയാണ് സ്വയം തൊഴിൽ പദ്ധതി. ഈ പദ്ധതി പ്രകാരം പദ്ധതി ചെലവിന്റെ 40%, പരമാവധി 4 ലക്ഷം രൂപ വരെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1.50 ലക്ഷം രൂപ വരെയും ധനസഹായമായി അനുവദിക്കുന്നു.<br><br>കൈത്തറി മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഹാന്റ്ലൂം ബിസിനസ്സ് ഇൻകുബേ റ്ററുകൾ. കൈത്തറി മേഖലയിൽ പുതിയ സംരംഭകരെ ആകർഷിക്കുവാനും അവർക്കാവശ്യമായ ഉല്പാദന മേഖലയിലെ വിവിധ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് വിദഗ്ധ പരിശീലനം, മാർക്കറ്റിംഗ്, സംരംഭകത്വം, സ്റ്റാർട്ടപ്പ് പദ്ധതികൾ, പുത്തൻ ഡിസൈനുകൾ, സാങ്കേതിക അറിവുകൾ പകർന്ന് നൽകുക എന്ന ഉദ്ദേശ്യത്തോടെ തിരുവനന്തപുരത്തെ ബാലരാമപുരത്ത് ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേറ്റർ സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട് |
| (ബി) | നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി സഹായകമാണോ; | (ബി) | നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹനത്തിനായി ഉല്പാദന പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ്) നടപ്പിലാക്കി വരുന്നു. സർക്കാർ നിശ്ചയിച്ച പ്രതിദിന അളവിൽ കൂടുതൽ നെയ്യുന്ന തൊഴിലാളിക്ക് ഓരോ അധിക മീറ്ററിനും കൂലിയുടെ ഇരട്ടിവേ തനം പ്രൊഡക്ഷൻ ഇൻസെന്റീവായി അനുവദിക്കുന്നു. പ്രൊഡക്ഷൻ ഇൻസെന്റീവ് വഴി പരമാവധി തുക, പ്രതിദിനം 150/- രൂപയും ആഴ്ചയിൽ 1000/- രൂപയും മാസം നാലായിരം രൂപയുമായി നിജപ്പെടുത്തിയിരിക്കുന്നു. കൈത്തറി നെയ്ത്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി സഹായകരമാണ്. |
| (സി) | 'സമഗ്ര കൈത്തറി ഗ്രാമം' പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | കണ്ണൂരിലെ കാഞ്ഞിരോട് നെയ്ത്ത് സംഘത്തോടനുബന്ധിച്ച് സമഗ്രമായ ഒരു കൈത്തറി ഗ്രാമം സ്ഥാപിക്കുകയാണ് "സമഗ്ര കൈത്തറി ഗ്രാമം" പദ്ധതിയുടെ ലക്ഷ്യം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉല്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്തുക വഴി ഈ ഗ്രാമം ഒരു വിനോദ സഞ്ചാര കേന്ദ്രമായി മാറുകയും ചെയ്യും. വ്യത്യസ്തങ്ങളായ കൈത്തറി |

| | | | |
|---|---|---|---|
| | | | ഉല്പന്നങ്ങളുടെയും നെയ്ത്തുകാരുടെയും സാന്നിദ്ധ്യം കൈത്തറി മേഖലയിലുള്ള അറിവിന്റെ കൈമാറ്റത്തിനും ഈ മേഖലയുടെ വളർച്ചയ്ക്കും ഊർജ്ജം പകരും. സംസ്ഥാനത്തെ നെയ്ത്തുകാർക്ക് നൂതന സാങ്കേതിക വിദ്യകളിൽ അറിവ് നേടാനും പരിശീലനം ലഭിക്കാനും ഇതൊരു വേദിയാകും. കേരളത്തിലെ കൈത്തറി രംഗത്തെ വിവിധ കാലഘട്ടങ്ങളിൽ അതിന് ഉപയോഗിച്ചിരുന്ന തറികൾ, അനുബന്ധ ഉപകരണങ്ങൾ, ചായം എന്നിവയുടെ പ്രദർശനം, കൈത്തറി ഉല്പന്നങ്ങളുടെ ഡിസൈൻ സെന്റർ, പ്രദർശന വിൽപ്പന കേന്ദ്രങ്ങൾ എന്നിവയും സമഗ്ര കൈത്തറി ഗ്രാമം വഴി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ